LIBRARY ARCHIVES Kerala Legislative Assembly

കേരളാ ഏവിയേഷൻ ട്രെയിനിംഗ് സെന്ററിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്

131 [294] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കീഴിൽ തിരുവനന്തപുരത്തുള്ള കേരള ഏവിയേഷൻ ട്രെയിനിംഗ് സെന്ററിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിൽ എത്ര പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഇപ്പോൾ പഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; അവരുടെ പേരുവിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ പഠനത്തിന് സ്കോളർഷിപ്പ് നൽകുന്നത് ഏത് സ്ഥാപനമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കോളർഷിപ്പിൽ ഇതുവരെയായി ഒരു തുക പോലും പ്രസ്തുത വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുകൊണ്ടുതന്നെ അവരുടെ പരിശീലനം മുടങ്ങിയിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് പ്രസ്തുത വിദ്യാർത്ഥികൾ മുഖ്യമന്ത്രിക്കു നിവേദനം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ;

(ഇ) സ്കോളർഷിപ്പ് ലഭ്യമാക്കാൻ തടസ്സമെന്താണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) തടസ്സമുണ്ടെങ്കിൽ പ്രസ്തുത തടസ്സം നീക്കി എത്രയും പെട്ടെന്ന് സ്കോളർഷിപ്പ് അനുവദിച്ച് പ്രസ്തുത വിദ്യാർത്ഥികളുടെ മുടങ്ങിയിരിക്കുന്ന പരിശീലനം തുടർന്നുകൊണ്ടുപോകാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 3 വിദ്യാർത്ഥികൾ.

(1) ശ്രീ. വിവേക് സി. കരുൺ

(2) „ സ്റ്റാൻലി ഈപ്പൻ

(3) „ എം. രാഘവൻ

(ബി ആന്റ് സി) പ്രസ്തുത വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതു സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) ഉണ്ട്. പരിശോധിച്ചുവരികയാണ്.

(ഇ ആന്റ് എഫ്) വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.